**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 252** **26-06-2024 - ൽ മറുപടിയ്ക്ക്**

**ആധാരങ്ങളുടെ ഡിജിറ്റൈസേഷനും ഡിജിറ്റൽ സ്കെച്ചും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ നടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) | 2018-19 ൽ ആരംഭിച്ച ഡിജിറ്റൈസേഷൻ പദ്ധതി 8 ജില്ലകളിൽ ഒന്നാം ഘട്ടം പൂർത്തിയാക്കുകയും ശേഷിച്ച 6 ജില്ലകളിലേക്കും കൂടി പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്തിരുന്നു. സർക്കാർ സ്ഥാപനമായ സി -ഡിറ്റാണ് പദ്ധതിയുടെ ചുമതല വഹിച്ചുവരുന്നത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽ സ്കാനിംഗ് ജോലികൾ പൂർത്തിയാക്കുകയും, ഈ ജില്ലകളിൽ ഡിജിറ്റൽ ഒപ്പോടു കൂടിയ ആധാരപ്പകർപ്പുകൾ ഓൺലൈനായി നല്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കുകയും ചെയ്തിരുന്നു.നിലവിൽ കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ പദ്ധതി പുരോഗമിക്കുന്നു. ഈ പദ്ധതി 2025 -ഓടെ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ഇടപാടുകൾ നടത്തുന്ന ഭൂമിയുടെ ഡിജിറ്റൽ സ്കെച്ചുകൾ രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് ഡിജിറ്റൽ റീസർവ്വെ പദ്ധതിയ്ക്ക് തുടക്കം കുറിച്ച സാഹചര്യത്തിൽ ഇടപാടുകൾ നടത്തുന്ന ഭൂമിയുടെ ഡിജിറ്റൽ സ്കെച്ചുകളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഈ പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ റവന്യൂ - രജിസ്ട്രേഷൻ - സർവ്വെ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ നടന്നു വരുന്നു. ഇതിനായി 'എന്റെ ഭൂമി' എന്ന പോർട്ടൽ സജ്ജമാക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു. രജിസ്ട്രേഷൻ വകുപ്പിന്റെ PEARL, റവന്യൂ വകുപ്പിന്റെ RELIS, സർവ്വെ വകുപ്പിന്റെ E MAP എന്നീ മൂന്ന് സോഫ്റ്റ്‌വെയറുകളും കൂടി സംയോജിപ്പിച്ചു കൊണ്ടാണ് 'എന്റെ ഭൂമി' പോർട്ടൽ സൗകര്യം നടപ്പിലാക്കുന്നത്. |
| (സി) | ഒരു ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും ആ ജില്ലയിലെ ആധാരം രജിസ്റ്റർ ചെയ്യുന്നത് സാധ്യമാക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; | (സി) | ഒരു ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും ആ ജില്ലയിലെ ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം 2021 മുതൽ നടപ്പിലാക്കിയിരുന്നു. |

| | | | |
|---|---|---|---|
| | ഇക്കാര്യത്തിലുള്ള നിയമ ഭേദഗതി പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ? | | S.R.O.No.745/2020 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 30.10.2020 -ലെ G.O.(P)No.146/2020/Taxes നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് ഈ സൗകര്യം നടപ്പിലാക്കിയിട്ടുള്ളത്. ഒരു ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർമാർക്കും ആ ജില്ലയിലെ എല്ലാ ഓഫീസുകളും അധികാര പരിധിയായി നിശ്ചയിച്ചു കൊണ്ടുള്ള നിയമ ഭേദഗതിയിലൂടെയാണ് ഈ പരിഷ്കാരം നടപ്പിലാക്കിയത്. 2021 മുതൽ നാളിതു വരെ ഈ സൗകര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് 17900 ആധാരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ